**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5731** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ കേരള ലോട്ടറി വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ലോട്ടറി വിൽപ്പന സംബന്ധിച്ച ചട്ടങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യ മാധ്യമങ്ങൾ വഴി ഡിജിറ്റൽ കേരള ലോട്ടറി വിൽപ്പന നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | സാമൂഹ്യ മാധ്യമങ്ങളിൽ ഡിജിറ്റൽ കേരള ലോട്ടറി എന്ന പേരിൽ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ഡിജിറ്റൽ കേരള ലോട്ടറി വിൽപ്പന നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ; | (സി) | ഭൗതിക ടിക്കറ്റുകൾ വില്പന നടത്തുന്നതിനു പകരം നവമാധ്യമങ്ങളായ വാട്സ് ആപ്പ്, ടെലിഗ്രാം, വെബ് പോർട്ടൽ എന്നിവയിലൂടെ കേരള പേപ്പർ ലോട്ടറി ടിക്കറ്റ് വിപണനം നടത്തുന്നവർക്കെതിരെ അന്വേഷണ വിധേയമായി നിയമ നടപടി സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പരാതികൾ ഇതിനകം തന്നെ പോലീസ് സൈബർ സെല്ലിനും, ADGP (Crimes) നും കൈമാറിയിട്ടുണ്ട്. |
| (ഡി) | ഇതര സംസ്ഥാന ലോട്ടറി മാഫിയയുടെ പ്രവർത്തനം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (ഡി) | ഇതര സംസ്ഥാന ഭാഗ്യക്കുറി മാഫിയയുടെ പ്രവർത്തനം തടയുന്നതിന് ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 1.ഇതര സംസ്ഥാന ഭാഗ്യക്കുറി നടത്തിപ്പുൾപ്പെടെ സംസ്ഥാനത്തി- നുള്ളിൽ ഭാഗ്യക്കുറി നടത്തിപ്പ് റെഗുലേറ്റ് ചെയ്യുന്നതിനായി 2018 -ൽ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി ചട്ടങ്ങൾ രൂപീകരിച്ചു. 2.കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വില്പന നടത്തുന്ന ഏജന്റുമാരോ സബ് ഏജന്റുമാരോ റീട്ടെയിലർമാരോ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വില്ക്കുന്ന പക്ഷം ഇത്തരക്കാരുടെ ഏജൻസി റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സർക്കാർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. 3.സർക്കാർ നിഷ്കർഷിച്ചിട്ടുള്ള Information Return സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് സമർപ്പിച്ച് അനുമതി ലഭ്യമാക്കിയാൽ മാത്രമേ സംസ്ഥാനത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വില്ലുവാൻ സാധിക്കുയുള്ളൂ. |

സെക്ഷൻ ഓഫീസർ